**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2668** **13-02-2024 - ൽ മറുപടിയ്ക്ക്**

**കെൽപാമിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കെൽപാമിൽ പന അനുബന്ധ തൊഴിലാളികൾക്കായി എന്തൊക്കെ പ്രോജക്ടുകളാണ് 2022ൽ നിലവിൽ വന്ന മാനേജ്മെന്റ് രൂപീകരിച്ചത്; അറിയിക്കുമോ; | (എ) | 2022-23 സാമ്പത്തിക വർഷത്തിൽ കെൽപാമിന് കരകൗശല ഉൽപന്ന നിർമ്മാണ യൂണിറ്റും പരിശീലനം നൽകലും ലക്ഷ്യമാക്കി 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും അതു പ്രകാരം 14 ലക്ഷം രൂപ ടി സാമ്പത്തിക വർഷം റിലീസ് ചെയ്തു നൽകുകയും ആയത് ഉപയോഗിച്ച് കരകൗശല യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.<br><br>സംസ്ഥാനത്ത് നിന്ന് ശേഖരിക്കുന്ന പന ഉൽപ്പന്നമായ നൊങ്ക് ഉപയോഗിച്ച് പാംപൈൻ സർബത്ത് എന്ന ഉൽപന്നം വിപണിയിലിറക്കി പ്രസ്തുത ഉല്പന്നം വർദ്ധിത ശേഷിയോടെ ഉൽപാദിപ്പിച്ച് വിപണനം നടത്തുവാനായി കേരള സ്റ്റേറ്റ് ഹാന്റികാപ് ഡെവലപ്പ്മെന്റ് കോർപ്പറേഷനുമായി ചേർന്ന് പദ്ധതി രൂപീകരിച്ച് അടുത്ത സാമ്പത്തിക വർഷത്തിൽ നടപ്പിൽ വരുത്തുന്നതിനുള്ള ശ്രമം നടന്നു വരുന്നു.<br><br>പന മേഖലയുടെ അഭിവൃദ്ധി ലക്ഷ്യമാക്കി കേരള സംസ്ഥാനത്തുടനീളം കാണപ്പെടുന്ന പനമരങ്ങളുടെ കണക്കെടുപ്പും, അവയിൽ നിന്ന് ലഭ്യമായേക്കാവുന്ന അസംസ്കൃത വസ്തുക്കളുടെ ലഭ്യതയും സംബന്ധിച്ച ഒരു പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് സി.എം.ഡി.യിലെ വിദഗ്ധരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>പനമരങ്ങളെ ഉപയോഗപ്പെടുത്തി അക്കാനി, നൊങ്ക് പനം പഴം, പനയോല ഇവയുടെ ശേഖരണം നടത്തി, മുമ്പ് ഈ മേഖലയിൽ പണിയെടുത്തിരുന്നവരെ മേഖലയിലേയ്ക്ക് തിരികെ കൊണ്ടു വന്നു ഉൽപാദനം ഊർജ്ജിതമാക്കാനും, പനയുൽപ്പന്നങ്ങളുടെ ഉപഭോഗം വർദ്ധിപ്പിക്കുന്നതും, ലക്ഷ്യമിട്ട് പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | പന ഉൽപ്പന്നമായ കരിപ്പട്ടിയും അതിനനുബന്ധ ഉൽപ്പന്നങ്ങളായ കൽക്കണ്ടം, പാംമിക്സ്, കരിപ്പട്ടി കാപ്പി തുടങ്ങിയവയുടെ വിപണി സാധ്യത പരിശോധിച്ചു വരുന്നു. |
| (ബി) | എൻ.ബി.സി.എഫ്.ഡി.സി.യിൽ നിന്നും ലഭിച്ച ലോൺ കെൽപാം മാനേജ്മെന്റ് ,തൊഴിലാളികളെ കൊണ്ട് പിഴ പലിശ ഉൾപ്പെടെ തിരിച്ചടപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | കെൽപാം തൊഴിലാളികൾ ആരും തന്നെ എൻ.ബി.സി.എഫ്.ഡി.സി.യിൽ നിന്നും വായ്പ കൈപ്പറ്റിയിട്ടില്ല. 2018-നുള്ളിൽ അടച്ച് തീർക്കണം എന്ന വ്യവസ്ഥയിൽ 2010 മുതൽ 2013 വരെയുള്ള കാലഘട്ടത്തിലാണ് ഈ തുക അനുവദിച്ചിട്ടുള്ളത്. ഈ തുക പനം തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതിന് വേണ്ടിയുള്ളതാ യിരുന്നു. എന്നാൽ പനം തൊഴിലാളികൾക്ക് ടി തുക അനുവദിക്കുന്നതിന് പകരം ഈ തൊഴിലുമായി യാതൊരു ബന്ധവുമില്ലാത്ത വ്യക്തികൾക്കാണ് തുക അനുവദിച്ചത്. ഇങ്ങനെ സ്വകാര്യ വ്യക്തികൾക്ക് തുക അനുവദിച്ചുകൊണ്ടാണ് എൻ.ബി.സി.എഫ്. ഡി.സി. നിശ്ചയിച്ച പ്രകാരമുള്ള പലിശയും പിഴപ്പലിശയും ഈടാക്കുന്നത്. പ്രസ്തുത പലിശയിലും പിഴപ്പലിശയിലും മാറ്റം വരുത്തുന്നതിന് കെൽപാമിന് അധികാരമില്ല. |
| (സി) | 2021-ൽ സർക്കാർ ഫണ്ട് ലഭിച്ച ചുക്ക് കാപ്പി മിക്സ് പ്രോജക്ടിന്റെ നിലവിലെ സ്ഥിതിയെന്താണെന്ന് അറിയിക്കുമോ; പ്രസ്തുത പ്രോജക്ടിൽ നിന്നും മാസം എത്ര ലക്ഷം രൂപയുടെ വിറ്റ് വരവുണ്ടെന്ന് അറിയിക്കുമോ; | (സി) | ചുക്ക് കാപ്പി മിക്സ് പ്രോജക്ടിന് 2021 ൽ ഫണ്ട് നൽകിയിട്ടില്ല. |
| (ഡി) | സെക്രട്ടേറിയറ്റ് അനെക്സ് ബിൽഡിങ്ങിന്റെ മുൻവശത്തുള്ള കെൽപാം ജ്യൂസ് സ്റ്റാൾ എന്ത് കൊണ്ട് പ്രവർത്തനരഹിതമായെന്ന് അറിയിക്കുമോ; ഇതിൽ കോർപറേഷന് ഉണ്ടായ നഷ്ടം എത്രയാണെന്ന് വ്യക്തമാക്കുമോ; | (ഡി) | കെൽപാം ആരംഭിച്ച ജ്യൂസ് സ്റ്റാൾ വേനൽക്കാലത്ത് ലാഭത്തിലായിരുന്നു വെങ്കിലും മഴക്കാലത്ത് നൊങ്ക് ഉൽപന്നങ്ങളുടെ ഉപഭോഗം കുറവായതിനാൽ ഒരു ബങ്ക് മാത്രം പ്രവർത്തിപ്പിക്കുന്നത് ലാഭകരമായിരുന്നില്ല. കൂടുതൽ ബങ്കുകൾ ആരംഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ വികലാംഗ ക്ഷേമ കോർപ്പറേഷനുമായി ചേർന്ന് നിലവിലുണ്ടായിരുന്ന ബങ്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ബങ്കിന്റെ പ്രവർത്തനം മൂലം കമ്പനിയ്ക്ക് നഷ്ടം ഉണ്ടായിട്ടില്ല. |
| (ഇ) | 2020-ൽ തൃശ്ശൂർ അൻഫാർമ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ സോഡ ഫില്ലിംഗ് മെഷീന്റെ വാറന്റി നിലനിൽക്കെ കോയമ്പത്തൂർ മോഹൻ ആൻഡ് കോ എന്ന കമ്പനിയിൽ നിന്നോ മറ്റേതെങ്കിലും സ്ഥാപനത്തിൽ നിന്നോ സോഡ ഫില്ലിംഗ് മെഷീൻ വാങ്ങിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ? | (ഇ) | 2020 -ൽ തൃശ്ശൂർ അൻഫാർമ എന്ന സ്ഥാപനത്തിൽ നിന്നും സോഡാ ഫില്ലിംഗ് ലക്ഷ്യമാക്കി വാങ്ങിയ മെഷിൻ, സ്ഥാപിച്ചു പ്രവർത്തിപ്പിച്ചു തുടങ്ങിയതു മുതൽ വളരെ കുറഞ്ഞ പ്രവർത്തന ശേഷി വിനിയോഗം മാത്രമേ സാധ്യമായിരുന്നുള്ളൂ. പ്രസ്തുത മെഷിനറിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കു ന്നതിന് അൻഫാർമ കമ്പനിയുടെ സേവനം നിരവധി തവണ |

| | | | |
|---|---|---|---|
| | | | ആവശ്യപ്പെട്ടെങ്കിലും തൃപ്തികരമായ രീതിയിൽ സർവ്വീസ് ലഭിക്കുകയോ, ലക്ഷ്യം കണ്ടെത്തുകയോ ചെയ്തിട്ടില്ല. കാര്യക്ഷമതാ വിനിയോഗം കണക്കിലെടുത്തു പ്രവർത്തിപ്പിക്കുന്ന അവസരങ്ങളിൽ മെഷിനറിയുടെ അപാകത കാരണം ഭീമമായ നഷ്ടത്തിലേക്കാണ് സ്ഥാപനം പോയിക്കൊണ്ടിരിക്കുന്നത്. വിദഗ്ധ ടെക്നീഷ്യന്മാരുടെ അഭിപ്രായ പ്രകാരം പ്രോസസ്സ് മെഷിനറിയിലെ ഭാഗമായ ഫില്ലിംഗ് മെഷീൻ സോഡാ ഫില്ലിങ്ങിന് പര്യാപ്തമായതല്ലായെന്നു വിലയിരുത്തി യിട്ടുണ്ട്. മേൽക്കാരണങ്ങൾ കണക്കിലെടുത്തു കാര്യക്ഷമതാ വിനിയോഗം പരമാവധി ഉപയോഗപ്പെടുത്തുന്നതിന് കെൽപാം ബോർഡിന്റെ അനുമതിയോടെ സോഡാ ഫില്ലിംഗ് മെഷീൻ വാങ്ങുന്നതിനു തീരുമാനം എടുത്തിട്ടുണ്ട്. നിലവിലെ ഫില്ലിംഗ് മെഷീൻ മറ്റു പര്യാപ്തമായ ഉപയോഗങ്ങൾക്കു ഉപയോഗപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ